**സൂത്രവാക്കുകൾ**
കലാസൗന്ദര്യശാസ്ത്രത്തിലേക്കൊരു പദകോശം
(നിഘണ്ടു)

Sutravaakkukal
Kalasoundaryashastrathilekkoru Padakosham
(Dictionary)

**എഡിറ്റർമാർ**
ആദർശ് സി.
രാജേഷ് എം.ആർ.

ആദ്യപതിപ്പ്
ഡിസംബർ 2020

ലേഔട്ട് & കവർ
ഹാഷിം എൻ.എം.

പ്രസാധനം
ഗയ പുത്തകച്ചാല, തൃശ്ശൂർ.
9809940750, 9496291260
gayaputhakachala@gmail.com

അച്ചടി
ഫ്രണ്ട്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്
കൊടുങ്ങല്ലൂർ, തൃശ്ശൂർ

© Rights Reserved
No part of this work may be produced or utilized in any form or by any means without the prior written permission of the publisher.

ISBN : 978-81-944372-7-7

₹ 800

ജനപ്രിയ വിനോദത്തെ ലക്ഷ്യമാക്കുന്ന വിചിത്രരൂപങ്ങൾ (Loud Grotesque forms) ആണ് അത് പകർന്നത്. മൃഗമാനുഷ ചേർപ്പുകൾ അടക്കം വിചിത്രഭാവനകൾ (Grotesque imaginations) ധാരാളമുള്ള ഇന്ത്യൻ ശില്പകലയുടെ ഭാവനാലോകത്തെ ഏറെ താഴ്ത്തിക്കെട്ടിക്കാണാൻ കൊളോണിയൽ സാംസ്കാരികാധിപത്യം പ്രേരിതമായിട്ടുണ്ട്. ഇവിടെ നിലനിന്ന കലാഭാവനയുടെ ആന്തരികവിനിമയങ്ങളോട് ഇടപെടാൻ ആകാത്തവിധം കൺകാഴ്ച മാത്രം ആകാരലക്ഷണയുക്തതയുടെ ഉന്നത ഉദാഹരണങ്ങളായി അവർ കണ്ടതുകൊണ്ടാകാം, കാരിക്കേച്ചറിന്റെ അടിസ്ഥാനമായിരുന്ന 'ഗ്രോട്ടെസ്ക്' എന്ന യൂറോപ്യൻ 'താഴ്ന്നകല'യുമായി ഇന്ത്യൻ വിഗ്രഹബിംബ വിശേഷത്തെ ബന്ധപ്പെടുത്തിയത്.

സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തിന്റെ വിമർശരൂപമായി 'കാരിക്കേച്ചർ ഭാഷ' ലോകത്തെങ്ങുമുള്ള ആധുനികസമൂഹങ്ങളിൽ വ്യാപിച്ചെങ്കിലും, വഴിയെ മൂർച്ച പോയ ഒരു ആയുധമായിട്ടും വ്യാപകമായി കാരിക്കേച്ചർ വിനിമയം ചെയ്യപ്പെടുന്നു. നേർരൂപത്തിന്റെ ഒരു വളച്ചൊടിക്കലും വികൃതമാക്കലും പകരുന്ന വെറും വിനോദം ലക്ഷ്യമാക്കിയും ഇന്ന് ആളുകൾ കാരിക്കേച്ചർ ചെയ്യുന്നുണ്ട്.

ഇന്ന് മാധ്യമ വ്യാപാരരംഗത്ത് കാർട്ടൂൺ എന്ന പദം കാരിക്കേച്ചർ എന്നതിന് പകരമായും ചിലപ്പോഴെല്ലാം ഉപയോഗിക്കപ്പെടുന്നതും കാണാം. ഏതൊരു ഹാസ്യചിത്രീകരണത്തെയും പൊതുവിൽ കാർട്ടൂൺ എന്ന് ഇന്നു വിളിക്കാം. ആധികാരികവ്യവസ്ഥയോടുള്ള ആക്ഷേപമോ രാഷ്ട്രീയവിമർശമോ നിർബന്ധമില്ല. വിനോദം ജനിപ്പിക്കുന്നവിധം വളച്ചൊടിച്ചതോ ചുരുക്കിക്കാണിച്ചതോ വിടർത്തിക്കാണിച്ചതോ ആയ ഏതൊരു വരയും കാർട്ടൂൺ ആണ്. രാഷ്ട്രീയവിമർശമുള്ളതിനെ 'പൊളിറ്റിക്കൽ കാർട്ടൂൺ' എന്ന് പ്രത്യേകം പറയേണ്ടിവരുന്നത് അതുകൊണ്ടാണ്. വർണ്ണങ്ങളും കെട്ടുകഥകളും പലതരം ഹാസ്യരൂപങ്ങളും ഒരുമിച്ച് ചലിക്കുന്ന സംഭവബഹുലമായ അനിമേഷൻ വ്യവഹാരങ്ങളും അടിസ്ഥാനപരമായി കാർട്ടൂണിന്റെ വകഭേദഭാഷകൾ തന്നെ. അനിമേഷനിൽ കാർട്ടൂൺ ഉപയോഗിക്കപ്പെടുമ്പോൾ അത് ഇന്ന് 'ട്ടൂണിങ്' എന്ന് പ്രയോഗക്രിയാപദം ആയി അറിയപ്പെടുന്നതു നോക്കുക. കാരിക്കേച്ചറും ഇന്ന് കാർട്ടൂണിലെ ഒരു സവിശേഷരൂപം തന്നെയാണ്. ചരിത്രപരമായി നോക്കിയാൽ സാമൂഹ്യവിമർശത്തിന്റെ മർമ്മമുള്ള ഏതു ഹാസ്യാത്മക വിലക്ഷണരൂപത്തിലും കാരിക്കേച്ചറിന്റെ മർമ്മം കാണാം.

**ഗ്രന്ഥസൂചി**

Khonduri, G.R. 2014 *Caricaturing Culture in India: Cartoons and History in the Modern World*, Cambridge University Press.
Taylor, D. (Ed.) 1988 *Pick of Punch*, Grafton Books.

കവിത ബാലകൃഷ്ണൻ

# കാലപ്രമാണം

കലാചിന്തകളിലെ 'കാലപ്രമാണ'മെന്ന ആശയം അതതു കലാവിഷ്കാരങ്ങളിലെ അടിസ്ഥാന 'താള'കല്പനകളെ ആധാരമാക്കി വിശദീകരിച്ചുപോന്നിട്ടുള്ള സാങ്കേതികസംജ്ഞയാണ്. ആസ്വാദകപക്ഷത്തുനിന്നും പരിശോധിക്കുമ്പോളാകട്ടെ കാലപ്രമാണം കേവലം താളകല്പനകളിൽ നിന്നും വിഭിന്നമായി വിശാലമായ ആശയാവലികളെ ഉൾക്കൊള്ളുന്ന ഒന്നാണ്. കാലപ്രമാണം എന്ന സങ്കേതം നേരിടുന്ന പ്രധാനവെല്ലുവിളിയെന്നത് 'കാല'ത്തെ നിർവ്വചിക്കലാണ്. മതപുരോഹിതർ, പ്രപഞ്ചസിദ്ധാന്തത്തെപ്പറ്റി പഠിക്കുന്നവർ, കലാപഠിതാക്കൾ എന്നിവരെല്ലാം അടിസ്ഥാനപ്രമാണമായ കാലത്തെപ്പറ്റി വ്യത്യസ്തരീതിയിൽ ചിന്തിക്കുന്നുണ്ട്. കാലത്തെപ്പറ്റി ശാസ്ത്രീയവും സൗന്ദര്യാത്മകവുമായി ഒരേസമയം ചിന്തിക്കുവാനുള്ള സാധ്യതകളാണ് കാലപ്രമാണമെന്ന സാങ്കേതികസംജ്ഞയെ കലാചരിത്രത്തിൽ വ്യത്യസ്തമാക്കുന്നത്. കാലത്തെപ്പറ്റിയുള്ള ചിന്തകൾ എല്ലാക്കാലത്തും ശാസ്ത്രീയം മാത്രമായിരുന്നില്ല, മറിച്ച് തത്ത്വചിന്താപരവും സൗന്ദര്യാത്മകവുമായിരുന്നു. ഈ രണ്ടു ചിന്താധാരകളും പരസ്പരം ബന്ധപ്പെട്ടിരുന്നുവെന്നതും പ്രസക്തമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കംവരെ കാലത്തെപ്പറ്റിയുള്ള ചിന്തകൾ കേവലമായ കാലമെന്ന 'ശാസ്ത്രീയ' സങ്കല്പത്തിലാണ് (അരിസ്റ്റോട്ടിൽ മുതൽ ന്യൂട്ടൻവരെയുള്ള തത്ത്വചിന്തകരും ശാസ്ത്രജ്ഞരും) വ്യവഹരിച്ചിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ



Page 1 / 3

രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ആരോഹം കലാകാരന്മാർചേർന്നൊരുക്കുന്ന വലിയ ഓർക്കസ്ട്രേഷനായ മേള, പഞ്ചവാദ്യ പദ്ധതികളിലെ അടിസ്ഥാന താളപദ്ധതികളെ അധികരിച്ച് ഈ കാലപ്രമാണത്തെ വിശദീകരിക്കാവുന്നതാണ്. ശ്രാവ്യകലകളിലെ ഏറെ പ്രധാനപ്പെട്ട ഒന്നായ കേൾവിയുടെ തരംഗങ്ങളുടെ ഗതിവിഗതികളുടെ ആവേഗങ്ങളെ സൗന്ദര്യാത്മകമായി നിർണ്ണയിക്കുന്നത് വ്യത്യസ്ത താളങ്ങളിലും അവയുടെ വ്യത്യസ്ത വേഗങ്ങളിലായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലങ്ങളിലൂടെ അടിസ്ഥാനമാക്കിയിട്ടുള്ള കാലപ്രമാണമെന്ന സങ്കല്പമാണ്. ഭാരതീയ സംഗീതപദ്ധതികളിലും പ്രധാനമാകുന്നത് ഇത്തരത്തിലുള്ള കാലപ്രമാണം തന്നെയാണ്.

കാലപ്രമാണമെന്ന സാങ്കേതിക സംജ്ഞയുടെ ദൃശ്യ - ശ്രാവ്യകലകളിലെ വ്യത്യസ്തതയിലുള്ള രണ്ട് വ്യവഹാരങ്ങളാണ് കേരളീയ മേളപദ്ധതിയിലും കഥകളിയിലും ആവിഷ്കരിക്കുന്നത്. ഒന്ന് സ്ഥല - കാല ഘടകത്തിലൂടെയുള്ള വ്യക്തിയുടെ ആംഗികചലനത്തിലൂടെ നിർണ്ണയിക്കപ്പെടുന്ന രാഗമെന്ന ആശയപരമായ ആവിഷ്കാരത്തിന്റെ സൗന്ദര്യാത്മകതലവും (ദൃശ്യകലയിൽ) രണ്ടാമത്തേതാകട്ടെ കേൾവിയുടെ ശീലങ്ങളിൽ തരംഗവീചികളുടെ താള - കാലപ്രമാണത്തിന്റെ വ്യതിയാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന കാലത്തിന്റെ (ശ്രാവ്യകല/രാഗവും) അനുഭവതലവും. ഈ രണ്ടുതലങ്ങളെയും ആസ്വാദകപക്ഷത്തുനിന്നുള്ള അന്വേഷണത്തിലൂടെമാത്രമേ കാലപ്രമാണത്തെപ്പറ്റിയുള്ള സൗന്ദര്യാത്മകചിന്തകൾ നമുക്ക് വികസിപ്പിച്ചെടുക്കാനാവുകയുള്ളൂ.

**ഗ്രന്ഥസൂചി**

പത്മനാഭൻ നായർ, കലാമണ്ഡലം 2000 കഥകളിയും (ഒന്ന്), കേരള കലാമണ്ഡലം, ചെറുതുരുത്തി.

വേണുഗോപാൽ മേനോൻ 2006 താളം, കാലം, കല, കേരളസാഹിത്യ അക്കാദമി, തൃശൂർ.

സ്റ്റീഫൻ ഹോക്കിങ് 2006 കാലത്തിന്റെ ആകൃതി, (പരിഭാഷ എ. രാജഗോപാൽ കമ്മത്ത്), [illegible] പബ്ലിക്കേഷൻസ്, കോഴിക്കോട്.

അനൂപ് വി.

## കാല്പനികതാവാദം

കാല്പനികതാവാദം (romanticism) ആധുനികതയുടെ ഘട്ടത്തിൽ രൂപംകൊണ്ട കലാസാഹിത്യപ്രസ്ഥാനമാണ്. 1797 ൽ ഷെഗലാണ് 'റൊമാന്റിക്' എന്ന പദം സാഹിത്യലോകത്ത് ആദ്യമായി അവതരിപ്പിച്ചതെന്ന് പറയപ്പെടുന്നു. 1970 കളിൽ തന്നെ ജർമൻ സഹോദരന്മാരായ ഓഗസ്റ്റ് ഷ്ലെഗലും ഫ്രെഡറിക് ഷ്ലെഗലും 'romantische Poesie' എന്ന് കവിതയിൽ ഇതേ ആശയം ഉപയോഗിക്കുന്നുണ്ട്. കവിതയിൽ നിരവധി അർത്ഥതലങ്ങളുള്ള ഒരു പദമായി 18-ാം നൂറ്റാണ്ടിന്റെ ഒടുവിൽ ഇത് അറിയപ്പെട്ടിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ 'ക്ലാസ്സിസിസത്തിന്റെ വിപരീതം' എന്ന അർത്ഥത്തിലേക്ക് റൊമാന്റിസിസം എന്ന പദം പ്രചാരത്തിലായി. ഫ്രഞ്ചുഭാഷയിൽ 'റൊമാന്റിക്' (romantique), 'റൊമാനിസ്ക്' (romanesque) എന്നീ രണ്ട് പദങ്ങളാണ് പ്രസ്ഥാനത്തെയും അതിന്റെ പിന്നിലെ മനോഭാവത്തെയും അടയാളപ്പെടുത്തുന്നത്. ഇംഗ്ലീഷിലെ റൊമാന്റിക് എന്ന പദത്തിൽ നിന്നാണ് റൊമാന്റിസിസം രൂപപ്പെടുന്നത്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലാണ് മലയാള കവിതയിൽ കാല്പനിക പ്രവണതകൾ കടന്നുവരുന്നത്. റൊമാന്റിസിസത്തെ 'മനംനോക്കി പ്രസ്ഥാനം' എന്നാണ് കേസരി എ. ബാലകൃഷ്ണപിള്ള വിളിക്കുന്നത്. റൊമാന്റിസിസത്തിന്റെ അടിസ്ഥാനതത്ത്വമായ ആത്മനിഷ്ഠതയെയാണ് 'മനംനോക്കി' എന്നതുകൊണ്ട് കേസരി അർത്ഥമാക്കുന്നത്.

'റൊമാന്റിസിസം സമകാലികതയുടെ കലയും ക്ലാസ്സിസിസം ഇന്നലെയുടെ കലയുമാണ്' എന്ന് സ്റ്റെന്താൾ പറയുന്നു. രൂപനിഷ്ഠമായ അനുകരണത്തിന് പ്രാധാന്യം കൊടുക്കാതെ വൈയക്തികാനുഭവങ്ങൾ ആവിഷ്കരിക്കാനാണ് കാല്പനികതാവാദം ശ്രമിച്ചത്. 'അതിശക്തമായ വികാരങ്ങളുടെ അനർഗളമായ പ്രവാഹം' എന്നാണ് കവിതയെ റൊമാന്റിക് കാലഘട്ടത്തിൽ വില്യം വേഡ്സ്വർത്ത് നിർവ്വചിച്ചത്. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു പക്ഷേ അവൻ എന്നും ചങ്ങലകളാൽ ബന്ധിതനാണ്' എന്ന റൂസ്സോവിന്റെ വിഖ്യാതവചനം മനുഷ്യന്റെ വിമോചനത്തിന്റെ സമരകാഹളമായിരുന്നു. റൊമാന്റിസിസത്തിന്റെ അടിസ്ഥാന മുദ്രാവാക്യമായി ഇതു മാറുകയുണ്ടായി. സ്വാതന്ത്ര്യമാണ് റൊമാന്റിസിസം സ്വപ്നം കണ്ടിരുന്നത്. ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ച